"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - ഐക്കോൺസ് - ജീവനക്കാര്യം - ക്ലാർക്ക് കം ടൈപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ.പി.ശശിധരൻ, ശ്രീ.സി.പി.നാസർ എന്നിവരെ യഥാക്രമം പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകളിൽ സർക്കാർ അനുമതി തേടാതെ നിയമിച്ച നടപടി - സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.752/2026/H&FWD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.2846/2012/ആ.കു.വ. തീയതി 27.08.2012
2. ഐക്കോൺസ് ഡയറക്ടറുടെ നം.145/Estt/2015/ICCONS-SRR തിയതി 30.12.2015 എന്ന നടപടിക്രമങ്ങൾ
3. ഐക്കോൺസ് ഡയറക്ടറുടെ 02.02.2023, 09.02.2023, 27.05.2023, 15.09.2023 എന്നീ തീയതികളിലെ 53/എസ്റ്റാ/2023/ഐക്കോൺസ്/തിരു എന്ന നമ്പർ കത്തുകൾ
4. ഐക്കോൺസ് ഡയറക്ടറുടെ 25.01.2024, 08.08.2025 എന്നീ തീതികളിലെ 53/എസ്റ്റാ/2024/ഐക്കോൺസ്/തിരു എന്ന നമ്പർ കത്തുകൾ
5. സ.ഉ.(സാധാ)നം.3416/2025/ആ.കു.വ. തീയതി 03.11.2025
6. ഐക്കോൺസ് ഡയറക്ടറുടെ 23.01.2026 തീയതിയിലെ 14/E1/2026/ICCONS-SR എന്ന നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്)-ൽ , ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ക്ലർക്ക് കം കാഷ്യർ തസ്തികയിലെ സ്ഥിരം ജീവനക്കാരനായിരുന്ന ശ്രീ. ശശിധരൻ പി., ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലെ സ്ഥിരം ജീവനക്കാരനായിരുന്ന ശ്രീ. സി.പി. നാസർ എന്നിവരെ സർക്കാർ അംഗീകാരം കൂടാതെ 01.01.2016 മുതൽ ഐക്കോൺസ്-യിൽ, യഥാക്രമം പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലും ബയോകെമിസ്റ്റ് തസ്തികയിലും പരാമർശം 2 നടപടിക്രമങ്ങൾ പ്രകാരം ഐക്കോൺസ് ഡയറക്ടർ നിയമിച്ചിരുന്നു. പിന്നീട് പ്രസ്തുത നിയമനങ്ങൾക്ക് സാധൂകരണവും അംഗീകാരവും നൽകണമെന്ന് പരാമർശം 3, 4 -ലെ കത്തുകൾ പ്രകാരം ഐക്കോൺസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

**2.** പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുകയും ഐക്കോൺസ്-ൽ പരാമർശം (1) -ലെ ഉത്തരവിന് അനുസൃതമായിട്ടാണ് ശ്രീ.പി. ശശിധരനെ പബ്ലിക് റിലേഷൻസ് ഓഫീസറായും ശ്രീ. സി.പി. നാസറിനെ ബയോകെമിസ്റ്റായും താല്ക്കാലികമായി നിയമിച്ചിരുന്നതെന്ന് ഐക്കോൺസ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, ഐക്കോൺസിൽ പബ്ലിക് റിലേഷൻസ്

ഓഫീസർ (13,900-24,040 രൂപ 9-ആം ശമ്പള സ്കെയിലിൽ), ബയോകെമിസ്റ്റ് (14,620-25,280 രൂപ 9-ആം ശമ്പള സ്കെയിലിൽ) എന്നീ തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും അവയെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം (5) പ്രകാരം, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന്, പരാമർശം (6) കത്ത് പ്രകാരം, പരാമർശം (1) -ലെ ചാപ്റ്റർ III റൂൾ 1(iii) പ്രകാരമുള്ള internal selection രീതിയാണ് പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് നിയമനങ്ങൾക്കായി സ്വീകരിച്ചിരുന്നതെന്ന് ഐക്കോൺസ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ , ഐക്കോൺസിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ.പി.ശശിധരൻ, ശ്രീ.സി.പി.നാസർ എന്നിവരെ യഥാക്രമം പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകളിൽ സർക്കാർ അനുമതി തേടാതെ ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം നിയമിച്ച ഐക്കോൺസ് ഡയറക്ടറുടെ നടപടി, ഭാവിയിൽ ഇത്തരത്തിലുള്ള നടപടി ആവർത്തിക്കരുതെന്നുള്ള കർശന നിർദ്ദേശത്തോടെ, സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ , ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ഐക്കോൺസിലെ ഗവേണിംഗ് ബോഡിയിലെ എല്ലാ അംഗങ്ങൾക്കും (ഐക്കോൺസ് ഡയറക്ടർ മുഖേന)

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പൊതുഭരണ (എസ്.സി.) വകുപ്പ് (18.02.2026 തീയതിയിലെ മന്ത്രിസഭാ യോഗം ഇനം നം.3692 പ്രകാരം)

ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.2483321/എച്ച്.എൽ.റ്റി.-ബി1/121/2023-ധന തീയതി 21.10.2025)

നിയമ വകുപ്പ് (നം.ഒപ്പീനിയൻ-എഫ്2/120/2024-നിയമം തീയതി 10.10.2024)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (P3/40/2023-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 24-02-2026 16:27:57

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-02-2026

ഫയൽ നം. ആരോഗ്യ-പി3/40/2023/ആകുവ. ഇനം നം: 3692

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ഐക്കോൺസിൽ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അവയെ ഐക്കോൺസിന്റെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം -

(i) സാധൂകരിച്ചു.

(ii) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

R
19/2/26

3692

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | ആരോഗ്യ-പി3/40/2023/ആകുവ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ് |
| 3 | വിഷയം | : | ഐക്കോണസിൽ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും അവയെ ഐക്കോൺസിന്റെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10.06.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സുഭാഷ് ആർ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖോബ്രഗഡേ |

| | | | |
|---|---|---|---|
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | | ശ്രീമതി. വീണാ ജോർജ് |
| 13 | കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 14.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.02.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഐക്കോൺസ്-ൽ സർക്കാർ അനുമതി കൂടാതെ ബയോകെമിസ്റ്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ തസ്തികകളിൽ നടത്തിയ നിയമനങ്ങൾ സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

**2.** 1998 മുതൽ തിരുവനന്തപുരം ആസ്ഥാനമായും തിരുവനന്തപുരത്തും ഷൊർണൂരും കേന്ദ്രങ്ങളോട്ടുകൂടിയും സർക്കാർ ധനസഹായത്തിൽ പ്രവർത്തിച്ചു വരുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്). 1955-ലെ Travancore - Cochin Literary Scientific and Charitable Societies Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് & കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (SRCCD)-യുടെ കീഴിലാണ് ഐക്കോൺസിന്റെ പ്രവർത്തനം. ഐക്കോൺസിലെ ഗവേണിംഗ് ബോഡിയുടെ ചെയർമാൻ / ചെയർപേഴ്സൺ ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ / ചെയർപേഴ്സൺ ആരോഗ്യ വകുപ്പ് സെക്രട്ടറിയുമാണ്. ടി സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും SRCCD-യുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MoA) പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. MoA പ്രകാരം ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, നിയമനം എന്നിവയുള്ള അധികാരം ഗവേർണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. ജീവനക്കാരുടെ നിയമനം ഉൾപ്പടെ ഗവേർണിംഗ് ബോഡിയുടെ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കേണ്ട ചുമതല MoA പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളും സേവനവ്യവസ്ഥകളും ഉൾപ്പെടുന്ന ചട്ടങ്ങൾക്ക് 27.08.2012 തീയതിയിലെ G.O.(Rt)2846/2012/H&FWD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതാണ്.

**3.** മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 03/03/2014 തീയതിയിലെ സ.ഉ.(കൈ)നം.71/2014/ആ.കു.വ. ഉത്തരവ് പ്രകാരം ഐക്കോൺസ് -ൽ 10 വർഷത്തിൽ കൂടുതലായി സേവനം അനുഷ്ഠിച്ചു വന്ന 50 ജീവനക്കാരെ 2014-ൽ സ്ഥിരപ്പെടുത്തിയിരുന്നു. ഇപ്രകാരം ക്ലർക്ക് കം കാഷ്യർ തസ്തികയിൽ സ്ഥിര നിയമനം നേടിയ ശ്രീ. ശശിധരൻ പി., ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിൽ സ്ഥിര നിയമനം നേടിയ ശ്രീ.നാസർ സി.പി. എന്നിവരെ സർക്കാരിന്റെ അംഗീകാരം കൂടാതെ 01.01.2016 മുതൽ ഐക്കോൺസ് -ൽ, യഥാക്രമം പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലും (13,900-24,040 സ്കെയിലിൽ) ബയോകെമിസ്റ്റ് തസ്തികയിലും (14,620-25,280 സ്കെയിലിൽ) ഐക്കോൺസ് ഡയറക്ടറുടെ 30-12-2015 തീയതിയിലെ നടപടിക്രമങ്ങൾ പ്രകാരം നിയമിച്ചിരുന്നു. പിന്നീട് ഐക്കോൺസ് - ൽ പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിച്ച് പുറപ്പെടുവിച്ച 22/01/2023-ലെ സ.ഉ.(കൈ)നം.10/2023/ആ.കു.വ. സർക്കാർ ഉത്തരവിലെ പൊതു വ്യവസ്ഥകളിൽ, ബയോകെമിസ്റ്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ (പി.ആർ.ഒ.) തുടങ്ങിയ പുതുതായി സൃഷ്ടിക്കപ്പെട്ട / പദവി ഉയർത്തപ്പെട്ട തസ്തികകൾക്ക് ടി പരിഷ്കരണം പ്രസ്തുത തസ്തികകൾ സൃഷ്ടിക്കപ്പെട്ടതിന് / പദവി ഉയർത്തപ്പെട്ടതിന് സർക്കാർ സാധൂകരണം ലഭിക്കുന്നപക്ഷം മാത്രമേ ബാധകമാകുകയുള്ളൂ എന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശത്തിൽ നിന്നും തങ്ങളെ ഒഴിവാക്കി നിലവിലുള്ള ബയോകെമിസ്റ്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികകളുടെ ആനുകൂല്യങ്ങൾ തങ്ങൾക്കും ബാധകമാക്കി തുടർന്നും നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.പി.ശശിധരൻ, ശ്രീ.സി.പി. നാസർ എന്നിവർ

അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി തസ്തികകൾ സർക്കാർ അനുമതിയില്ലാതെ സൃഷ്ടിച്ചതിനും, അതിലേക്കു സുതാര്യമായ selection procedure - പാലിക്കാതെ നിയമനം നടത്തിയതിനും ധനകാര്യ വകുപ്പ് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ധനകാര്യ വകുപ്പിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് സ്വീകരിക്കുന്ന സ്ഥാപനമെന്ന നിലയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി തേടാതിരുന്നത് സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ഐക്കോൺസ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

**4.** ഐക്കോൺസ്-ൽ പി.ആർ.ഒ. തസ്തികയിൽ ഒഴിവ് വന്നതിനാലും ബയോകെമിസ്റ്റ് -ന്റെ സേവനം ആവശ്യമായിരുന്നതിനാലുമാണ് പ്രസ്തുത തസ്തികകളിലെ നിയമനത്തിനായി ഗവേണിംഗ് ബോഡി രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, ഐക്കോൺസിൽ അന്ന് സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തുകയും ക്ലർക്ക് കം കാഷ്യർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.പി.ശശിധരൻ-നെ- പി.ആർ.ഒ. തസ്തികയിലേക്ക് നിയമിക്കാനും ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.നാസർ സി.പി. -യെ ബയോകെമിസ്റ്റ് തസ്തികയിൽ നിയമിക്കാനും ശിപാർശ ചെയ്യുകയും ചെയ്തിരുന്നതെന്ന് ഐക്കോൺസ് ഡയറക്ടർ ബോധിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങളെല്ലാം പാലിച്ച് 01.01.2016 മുതൽ ശ്രീ.പി.ശശിധരനെ പി.ആർ.ഒ. തസ്തികയിലും ശ്രീ.നാസർ സി.പി. -യെ ബയോകെമിസ്റ്റ് തസ്തികയിലും നിയമിച്ചിരുന്നതായും ഐക്കോൺസ് ഡയറക്ടർ അറിയിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ നയപരവും ഭരണപരവുമായ തീരുമാനങ്ങളും നിയമനങ്ങൾ സംബന്ധിച്ച തീരുമാനങ്ങളും MoA-യിലെ വ്യവസ്ഥകൾ അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി സമിതികളായ ഗവേർണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ആണ് കൈക്കൊള്ളുന്നതെന്നും പ്രസ്തുത തീരുമാനങ്ങൾ ഡയറക്ടർ നടപ്പിലാക്കുകയാണ് ചെയ്യുന്നതെന്നും ഇങ്ങനെ ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടെ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്ന കീഴ്വഴക്കം 2021-ന് മുൻപ് വരെ ഐക്കോൺസിൽ ഉണ്ടായിരുന്നില്ലെന്നും ഐക്കോൺസ് ഡയറക്ടർ അറിയിച്ചു. എന്നാൽ ഈ ന്യൂനത 2021 മുതൽ പരിഹരിച്ചതായും അപ്പോൾ മുതൽ സർക്കാരിനെ യഥാസമയം അറിയിച്ച് തന്നെയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും ഐക്കോൺസ് ഡയറക്ടർ വ്യക്തമാക്കുകയുണ്ടായി. 2021-ന് മുൻപ് സ്ഥാപനത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും അത്യന്താപേക്ഷിതമായിരുന്ന നിയമനങ്ങളാണ് സർക്കാർ അനുമതി തേടാതെ MoA-യിലെ വ്യവസ്ഥകൾ അനുസരിച്ച് ഗവേർണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അനുമതിയോടുകൂടി നടത്തിയതെന്നും ഐക്കോൺസ് ഡയറക്ടർ ബോധിപ്പിച്ചിരുന്നു. ഗവേർണിംഗ് ബോഡിയുടെ തീരുമാനപ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി സ്ഥിരം ജീവനക്കാരിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷ സ്വീകരിക്കുകയും ഇന്റർവ്യൂ നടത്തുകയും ചെയ്ത ശേഷമാണ് പബ്ലിക് റിലേഷൻസ് ഓഫീസറുടെയും ബയോകെമിസ്റ്റിന്റെയും നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നതിനാൽ ടി നിയമനങ്ങൾക്ക് സാധൂകരണവും അംഗീകാരവും നൽകണമെന്ന് ഐക്കോൺസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. നിയമനങ്ങൾ നടത്തുന്നത് ഗവേർണിംഗ് ബോഡിയുടെ അധികാര പരിധിയിൽ വരുന്നതാണെന്ന വിശദീകരണമാണ് ഐകോൺസ് ഡയറക്ടർ നൽകിയത്.

**5.** മേൽ സാഹചര്യത്തിൽ, ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം ഐക്കോൺസിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ പബ്ലിക് റിലേഷൻസ് ഓഫീസറുടേയും ബയോകെമിസ്റ്റിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയത് സംബന്ധിച്ച് ഐക്കോൺസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള വിശദീകരണത്തിന്മേൽ ധനവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. മറുപടിയായി, അംഗീകാരമില്ലാത്ത തസ്തികകളിൽ സ്ഥിരനിയമനം നടത്താൻ ഗവേണിംഗ് ബോഡി തീരുമാനപ്രകാരം കഴിയുമോയെന്ന് പരിശോധിച്ച് സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

**6.** ധനകാര്യ വകുപ്പിന്റെ പരാമർശം കണക്കിലെടുത്ത്, ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. നിയമ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം നൽകുകയുണ്ടായി :

' 1955-ലെ Travancore -Cochin Literary Scientific and Charitable Societies Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള SRCCD യുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ICCONS. SRCCD യുടെ Memorandum of Association (MoA) ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് ICCONS ലെ ജീവനക്കാരെ നിയമിച്ചുവരുന്നതെന്ന് കാണുന്നു. MoA യിലെ ഖണ്ഡിക 3 പ്രകാരം ജീവനക്കാരുടെ തിരഞ്ഞെടുപ്പ്, നിയമനം എന്നിവ ഗവേർണിംഗ് ബോഡിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. MoA ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതായി കാണുന്നുവെങ്കിലും സർക്കാർ ഗ്രാന്റിൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനത്തിലെ നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതാണെന്നത് സംബന്ധിച്ച യാതൊരു വ്യവസ്ഥയും MoA യിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളും സർവ്വീസുമായി ബന്ധപ്പെട്ട വിഷയങ്ങളും ഉൾപ്പെടുന്ന ചട്ടങ്ങൾക്ക് 27.08.2012 തീയതിയിലെ G.O.(Rt.)2846/2012/H&FWD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. MoA യിലും അതിന്റെ ഭാഗമായുള്ള ബൈലോസിലും ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുവെങ്കിലും തസ്തിക സൃഷ്ടിക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ സർക്കാർ ഗ്രാന്റിന്റെ കൂടി അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ടി സ്ഥാപനത്തിൽ സർക്കാരിന്റെ അനുമതി കൂടാതെ ഗവേർണിംഗ് ബോഡി തസ്തിക സൃഷ്ടിച്ചത് ഏത് സാഹചര്യത്തിലാണെന്നു ഭരണ വകുപ്പ് പരിശോധിക്കേണ്ടതും ഇത് സംബന്ധിച്ച് ഉചിതമായ വ്യവസ്ഥകൾ കൊണ്ടുവരേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.'

**7.** നിയമ വകുപ്പിന്റെ മേൽ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, 2021-ന് മുൻപ് അത്യന്താപേക്ഷിതമായിരുന്ന നിയമനങ്ങൾ സർക്കാർ അനുമതി കൂടാതെ നടത്തിയത് സാധൂകരിക്കണമെന്ന ഐക്കോൺസ് ഡയറക്ടറുടെ അഭ്യർത്ഥന ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശിപാർശ ചെയ്ത് അനുസമ്മതത്തിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. കൂടാതെ, 9-ആം ശമ്പള കമ്മീഷൻ സ്കെയിലിനു ആനുപാതികമായ 10-ഉം 11-ഉം ശമ്പള കമ്മീഷൻ സ്കെയിലുകൾ ഐക്കോൺസിലെ ബയോകെമിസ്റ്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ (പി.ആർ.ഒ.) എന്നീ തസ്തികകൾക്ക് അനുവദിച്ചു കൊണ്ട് ആയവ പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്നും ടി വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

**8.** മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

'ഐക്കോൺസിലെ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട Memorandum of Association ഖണ്ഡിക 3-ലെ പ്രസക്ത ഭാഗങ്ങൾ അടിസ്ഥാനമാക്കി ഐക്കോൺസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള വിശദീകരണത്തിന്റെയും നിയമ വകുപ്പിന്റെ ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ, 2021-നു മുൻപ് ഐക്കോൺസിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും അത്യന്താപേക്ഷിതമായിരുന്ന നിയമനങ്ങൾ സർക്കാർ അനുമതി തേടാതെ ഗവേർണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അനുമതിയോടുകൂടി നടത്തിയ ഐക്കോൺസ് ഡയറക്ടറുടെ നടപടി സാധൂകരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'

**9.** ഐക്കോൺസ് -ലെ ബയോകെമിസ്റ്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ തസ്തികകളിലെ നിയമനങ്ങൾ സാധൂകരിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയ സാഹചര്യത്തിൽ മേലിൽ ആയത് ആവർത്തിക്കരുതെന്നുള്ള കർശന നിർദ്ദേശത്തോടെ പ്രസ്തുത നിയമനങ്ങൾ സാധൂകരിക്കുന്നത് സംബന്ധിച്ചും കൂടാതെ അപ്രകാരം അംഗീകരിക്കുന്നപക്ഷം പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് തസ്തികകൾക്ക് 9-ആം ശമ്പള കമ്മീഷൻ സ്കെയിലിന് ആനുപാതികമായ 10-ഉം 11-ഉം ശമ്പള കമ്മീഷൻ സ്കെയിൽ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**10.** തദനുസരണം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകളുടെ കരട് അംഗീകാരത്തിനായി സമർപ്പിച്ച വേളയിൽ, ചീഫ് സെക്രട്ടറി ഫയലിൽ താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി;

" ICCONS ൽ നിലവിലില്ലാത്ത പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകളിലാണ് സർക്കാർ അനുമതിയില്ലാതെ ഗവേണിംഗ് ബോഡി നിയമനം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വ്യക്തമാക്കി പുറപ്പെടുവിച്ച 27.08.2012 ലെ സ.ഉ (സാധാ) 2846/2012/ആ.കു.വ ഉത്തരവിന് അനുസൃതമായാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമല്ല. ആയതിനാൽ സർക്കാർ അനുമതിയോടെ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിയ ശേഷം പ്രസ്തുത നിയമനം സാധൂകരിക്കുന്നതാണ് ഉചിതം. ഇക്കാര്യം ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ് ".

**11.** ചീഫ് സെക്രട്ടറിയുടെ ശിപാർശ ബഹു. മുഖ്യമന്ത്രി അംഗീകരിച്ചതിനെ തുടർന്ന്, ഐക്കോൺസിൽ പബ്ലിക് റിലേഷൻസ് ഓഫീസർ (13,900-24,040 രൂപ 9-ആം ശമ്പള സ്കെയിലിൽ), ബയോകെമിസ്റ്റ് (14,620-25,280 രൂപ 9-ആം ശമ്പള സ്കെയിലിൽ) എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ടി വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു:

'ഐക്കോൺസ്-ലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ട് പുറപ്പെടുവിച്ച 27.08.2012-ലെ സ.ഉ.(സാധാ)നം.2846/2012/ആ.കു.വ. ഉത്തരവിന് അനുസൃതമായിട്ടാണ് ശ്രീ.പി.ശശിധരനെ പബ്ലിക് റിലേഷൻസ് ഓഫീസറായും ശ്രീ.സി.പി.നാസറിനെ ബയോകെമിസ്റ്റായും താത്ക്കാലികമായി നിയമിച്ചിരിക്കുന്നതെന്ന് ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ, ഐക്കോൺസ്-ൽ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'

**12.** തുടർന്ന് ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സ.ഉ.(സാധാ)നം.3416/2025/ആ.കു.വ. തീയതി 03.11.2025 ഉത്തരവ് പ്രകാരം, 27.08.2012 തീയതിയിലെ സ.ഉ.(സാധാ)നം.2846/2012/ആ.കു.വ. ഉത്തരവിന് അനുസൃതമായിട്ടാണ് ശ്രീ.പി. ശശിധരനെ പബ്ലിക് റിലേഷൻസ് ഓഫീസറായും ശ്രീ. സി.പി. നാസറിനെ ബയോകെമിസ്റ്റായും താല്ക്കാലികമായി നിയമിച്ചിരുന്നതെന്ന് ഐക്കോൺസ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, ഐക്കോണസിൽ പബ്ലിക് റിലേഷൻസ് ഓഫീസർ (13,900–24,040 രൂപ 9–ആം ശമ്പള സ്കെയിലിൽ), ബയോകെമിസ്റ്റ് (14,620–25,280 രൂപ 9–ആം ശമ്പള സ്കെയിലിൽ) എന്നീ തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും അവയെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു.

**13.** തുടർന്ന്, പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകളിലെ നിയമനങ്ങൾ സാധൂകരിക്കുന്നത് സംബന്ധിച്ച് പുതുക്കിയ കരട് മന്ത്രിസഭാ യോഗ കുറിപ്പുകൾ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടപ്പോൾ, ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം ഉത്തരവായി:–

' പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അവയെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും 03.11.2025 ൽ സ.ഉ (സാധാ) 3416/2025/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ മന്ത്രിസഭായോഗത്തിന്റെ അനുമതി തേടിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 27.08.2012 –ലെ സ.ഉ.(സാധാ)2846/2012/ആ.കു.വ ഉത്തരവിനനുസൃതമായാണോ പ്രസ്തുത നിയമനം നടത്തിയതെന്നും അവരുടെ നിയമന രീതി (നേരിട്ടുള്ളത്/ബൈടാൻസ്ഫർ/സെലക്ഷൻ) മുഖേനയാണോ എന്നും കുറിപ്പിൽ വ്യക്തമാക്കിയിട്ടില്ല.

ഇക്കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് അനുയോജ്യ തലത്തിൽ ഉത്തരവ് നേടിയശേഷവും, ശമ്പള പരിഷ്കരണ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമില്ലാത്തതിനാൽ തീരുമാനിക്കേണ്ട വിഷയം (2) ഉം അതിനോടനുബന്ധിച്ച മറ്റ് പരാമർശങ്ങളും ഒഴിവാക്കിയും, കരട് കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതാണ്. '

**14.** ചീഫ് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച സ്പഷ്ടീകരണം ഐക്കോൺസ് ഡയറക്ടറോട് ആവശ്യപ്പെട്ടുകയും 27.08.2012–ലെ സ.ഉ.(സാധാ)നം.2846/2012/ആ.കു.വ. ഉത്തരവിലെ ചാപ്റ്റർ III റൂൾ 1 (iii) പ്രകാരമുള്ള internal

selection രീതിയാണ് പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് നിയമനങ്ങൾക്കായി സ്വീകരിച്ചിരുന്നതെന്ന് ഐക്കോൺസ് ഡയറക്ടർ അറിയിക്കുകയും ചെയ്തു.

**15.** മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഐക്കോൺസ്- ലെ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച നടപടിയും പ്രസ്തുത നിയമനങ്ങൾ സാധൂകരിക്കുന്ന വിഷയവും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>**

(i) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഐക്കോണസിൽ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും അവയെ ഐക്കോൺസിന്റെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും 03.11.2025 തീയതിയിൽ സ.ഉ.(സാധാ)നം.3416/2025/ആ.കു.വ. ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കാമോ ?

(ii) ഐക്കോൺസിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ.പി.ശശിധരൻ, ശ്രീ.സി.പി.നാസർ എന്നിവരെ യഥാക്രമം പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകളിൽ സർക്കാർ അനുമതി തേടാതെ ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമിച്ച ഐക്കോൺസ് ഡയറക്ടറുടെ നടപടി, ഭാവിയിൽ ഇത്തരത്തിലുള്ള നടപടി ആവർത്തിക്കരുതെന്നുള്ള കർശന നിർദ്ദേശത്തോടെ സാധൂകരിക്കാമോ ?

**GOVERNMENT OF KERALA**
**(Sri. PINARAYI VIJAYAN MINISTRY)**

**Note for the Council of Ministers**

| | | |
|---|---|---|
| 1. | File No. | Health P3/40/2023/Health |
| 2. | Department | Health & Family Welfare (P) Department |
| 3. | Subject | Ratification of the order issued for the creation of Public Relations Officer and Biochemist posts at ICCONS, and their inclusion in the official staff pattern- reg |
| 4. | Date of Chief Minister's order for placing before the council | 10.06.2025 |
| 5. | i. Does the case involve financial commitments/implication.<br>ii. If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note. | Yes<br>Yes |
| 6. | Are any other departments concerned with the case and if so, have been consulted and their remarks incorporated in the Note for the Council? | Yes<br>Yes |
| 7. | Name of Additional Secretary who submitted the Draft Note | Sri. Subhash R |
| 8. | Name of Additional Chief Secretary who approved the Draft Note | Dr. Rajan Namdev Khobragade |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | 10.02.2026 |
| 10. | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 13.02.2026 |

| | | |
|---|---|---|
| 12. | Name of Minister who approved the Draft Note | Smt.Veena George |
| 13. | Date of approval of the Draft Note for the Council by the Minister | 14.02.2026 |
| 14. | Date of submission of fair copies | 17.02.2026 |
| 15. | Date of decision by the Council of Ministers | |
| 16. | Number and date of the G.O/letter communicating the decision | |

# Note for Council of Ministers

This note deals with the proposal for ratifying the appointments made to the posts of Biochemist and Public Relations Officer in ICCONS without Government sanction.

**2.** The Institute for Communicative & Cognitive Neurosciences (ICCONS) is an autonomous institution with headquarters in Thiruvananthapuram, having centres at Thiruvananthapuram and Shoranur and functioning with the aid of Government since 1998. ICCONS operates under the Society for Rehabilitation of Cognitive & Communicative Disorders (SRCCD), a charitable society registered under the Travancore - Cochin Literary Scientific and Charitable Societies Act, 1955. The Chairman/Chairperson of the Governing Body of ICCONS is the Hon'ble Minister for Health and the Chairman/Chairperson of the Executive Committee of ICCONS is the Secretary to the Health Department. All the terms and conditions related to the functioning of the institution are provided under the Memorandum of Association (MoA) of SRCCD. As per the MoA, the authority of recruitment and appointment of the employees in ICCONS are vested in the Governing Body and the Executive Director is responsible for implementing all the decisions of the Governing Body, including the appointment of the employees. The Rules stipulating the procedures related to the appointment of the employees of the institution and the service conditions have been approved by the Government vide G.O.(Rt)No.2846/2012/H&FWD dated 27.08.2012.

**3.** Based on the decision of the Council of Ministers, vide G.O. (Ms)No.71/2014/H&FWD dated 03/03/2014, 50 employees who had been serving ICCONS for more than 10 years were regularized in 2014. Mr. Sasidharan P., who was regularized in the post of Clerk cum Cashier and Mr. Nassar C.P., who was regularized in the post of Laboratory Assistant as per the said Government Order were appointed in the posts of Public Relations Officer (in the scale 13,900-24,040) and Biochemist (in the scale 14,620-25,280) respectively in ICCONS from 01.01.2016 onwards vide the proceedings dated 30/12/2015 issued by the Director of ICCONS, without having prior approval of the Government. Later, the Tenth and Eleventh Pay Revision in ICCONS were sanctioned vide G.O. (Ms)No.10/2023/H&FWD dated 22.01.2023 and among the general instructions therein, it was stipulated that the pay revision would not be applicable to the newly created/upgraded posts like Bio-chemist, Public Relations Officer etc. unless Government ratified the post creation/upgradation. Subsequently Mr.P. Sasidharan and Mr. C. P. Nassar submitted applications requesting to exempt them from the said instruction in the order and thereby allowing them to continue to avail the existing benefits of the posts - Biochemist and PRO. When the remarks of Finance

Department was sought in the matter, that Department sought an explanation for creation of the posts without the permission of the Government and for making appointment without following a transparent selection procedure. Based on the remarks of Finance Department, the Director, ICCONS was directed to furnish explanation for not obtaining Government approval for creation of the said posts even though the institution is in receipt of Government grant-in-aid.

**4.** In reply, the Director, ICCONS informed that since the post of PRO became vacant in ICCONS and the services of a Biochemist was required, the Administrative Committee, formed by the Governing Body for appointment to the said posts, invited applications from the employees who were then serving in ICCONS and after having interview, the Administrative Committee recommended Mr. P. Sasidharan, who had been working in the post of Clerk cum Cashier for appointment to the post of PRO and Mr. Nassar C.P., who had been working in the post of Laboratory Technician for appointment to the post of Biochemist. Accordingly, after following the due procedures, Mr.P. Sasidharan and Mr. Nassar C.P. were appointed to the posts of Public Relations Officer and Biochemist respectively in ICCONS with effect from 01.01.2016. The Director, ICCONS clarified that the policy and administrative decisions and decision regarding appointments of the institution are implemented by the Director based on the decisions taken by the statutory committees viz the Governing Body and the Executive Committee in accordance with the rules of MoA and it was also reported that before 2021, there was no practice of obtaining Government ratification for appointments made with the approval of the Governing Body, in ICCONS. However, the Director, ICCONS stated that this shortfall has been rectified since 2021, and that since then, appointments are made with due intimation to Government. The Director, ICCONS also stated that those appointments that were made prior to 2021 without seeking approval of Government were essential for the growth and survival of the organization and were made with the approval of the Governing Body and Executive Committee in accordance with the provisions in the MoA. The Director, ICCONS requested for approval and ratification of appointments of PRO and Biochemist since the same were made only after inviting applications from the regular employees based on qualifications and conducting interview, by the Selection Committee constituted as per the decision of the Governing Body. According to the explanation submitted by the Director, ICCONS, appointments fall within the jurisdiction of the Governing Body.

**5.** In the above circumstances, as per the direction of Hon'ble Minister for Health, opinion of the Finance Department was sought on the explanation provided by the Director, ICCONS regarding the creation and appointment of the posts of PRO and Biochemist in ICCONS without prior

Government approval. In response, the Finance Department requested for submission after examination as to whether it would be possible to make permanent appointments in non - sanctioned posts on the basis of the decision of the Governing Body.

**6.** Taking into account the remarks of the Finance Department, opinion of the Law Department was sought in the matter. The opinion provided by the Law Department is as follows :

'1955-ലെ Travancore -Cochin Literary Scientific and Charitable Societies Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള SRCCD യുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ICCONS. SRCCD യുടെ Memorandum of Association (MoA) ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് ICCONS ലെ ജീവനക്കാരെ നിയമിച്ചുവരുന്നതെന്ന് കാണുന്നു. MoA യിലെ ഖണ്ഡിക 3 പ്രകാരം ജീവനക്കാരുടെ തിരഞ്ഞെടുപ്പ്, നിയമനം എന്നിവ ഗവേർണിംഗ് ബോഡിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. MoA ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതായി കാണുന്നുവെങ്കിലും സർക്കാർ ഗ്രാന്റിൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനത്തിലെ നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതാണെന്നത് സംബന്ധിച്ച യാതൊരു വ്യവസ്ഥയും MoA യിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളും സർവ്വീസുമായി ബന്ധപ്പെട്ട വിഷയങ്ങളും ഉൾപ്പെടുന്ന ചട്ടങ്ങൾക്ക് 27.08.2012 തീയതിയിലെ G.O.(Rt.)2846/2012/H&FWD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. MoA യിലും അതിന്റെ ഭാഗമായുള്ള ബൈലോസിലും ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുവെങ്കിലും തസ്തിക സൃഷ്ടിക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ സർക്കാർ ഗ്രാന്റിന്റെ കൂടി അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ടി സ്ഥാപനത്തിൽ സർക്കാരിന്റെ അനുമതി കൂടാതെ ഗവേർണിംഗ് ബോഡി തസ്തിക സൃഷ്ടിച്ചത് ഏത് സാഹചര്യത്തിലാണെന്നു ഭരണ വകുപ്പ് പരിശോധിക്കേണ്ടതും ഇത് സംബന്ധിച്ച ഉചിതമായ വ്യവസ്ഥകൾ കൊണ്ടുവരേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.'

**7.** Based on the advice of the Law Department, the file was again forwarded to Finance Department, with the recommendation of the Hon'ble Minister (Health), on the request of the Director, ICCONS to ratify the action of creating essential appointments prior to 2021 without having Government approval, for concurrence. In addition, Finance Department was also requested to sanction $10^{th}$ and $11^{th}$ Pay Commission Scales for the posts of Biochemist and PRO in ICCONS in proportion to the $9^{th}$ Pay Commission Scale and to include the same in the $11^{th}$ pay revision order.

**8.** The remarks of Finance Department is as follows;

'ഐക്കോൺസിലെ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട Memorandum of Association ഖണ്ഡിക 3-ലെ പ്രസക്ത ഭാഗങ്ങൾ അടിസ്ഥാനമാക്കി ഐക്കോൺസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള വിശദീകരണത്തിന്റെയും നിയമ വകുപ്പിന്റെ ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ, 2021-നു മുൻപ് ഐക്കോൺസിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും

അത്യന്താപേക്ഷിതമായിരുന്ന നിയമനങ്ങൾ സർക്കാർ അനുമതി തേടാതെ ഗവേർണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അനുമതിയോടുകൂടി നടത്തിയ ഐക്കോൺസ് ഡയറക്ടറുടെ നടപടി സാധൂകരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'

**9.** Since Finance Department has given permission to ratify the action of the appointments made for the posts of Public Relations Officer and Biochemist, the file was forwarded to the Hon'ble Chief Minister for orders on ratification of the said appointments with the strict direction not to repeat this in future and moreover if approved, on taking further action after obtaining and examining proposal for granting $10^{th}$ and $11^{th}$ Pay Revision commission scales in proportion to the $9^{th}$ Pay Revision commission scale for the posts of Public Relations Officer and Biochemist. The Hon'ble Chief Minister ordered to place the matter before the the Council of Ministers for consideration.

**10.** Accordingly, when the draft of the Cabinet Notes was submitted for approval, the Chief Secretary noted in the file as follows:-

" ICCONS ൽ നിലവിലില്ലാത്ത പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകളിലാണ് സർക്കാർ അനുമതിയില്ലാതെ ഗവേണിംഗ് ബോഡി നിയമനം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വ്യക്തമാക്കി പുറപ്പെടുവിച്ച 27.08.2012 ലെ സ.ഉ (സാധാ) 2846/2012/ആ.കു.വ ഉത്തരവിന് അനുസൃതമായാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമല്ല. ആയതിനാൽ സർക്കാർ അനുമതിയോടെ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിയ ശേഷം പ്രസ്തുത നിയമനം സാധൂകരിക്കുന്നതാണ് ഉചിതം. ഇക്കാര്യം ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. "

**11.** Subsequent to the approval of the recommendation of the Chief Secretary by the Hon'ble Chief Minister, the opinion of the Finance Department was sought on the matter of creating the posts of Public Relations Officer (in the 9th Pay Scale of Rs.13,900–24,040) and Biochemist (in the 9th Pay Scale of Rs.14,620–25,280) in ICCONS and including them in the Staff Pattern. The opinion provided by the Finance Department is as shown below;

'ICCONS-ലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ട് പുറപ്പെടുവിച്ച 27.08.2012-ലെ സ.ഉ. (സാധാ)നം.2846/2012/ആ.കു.വ. ഉത്തരവിന് അനുസൃതമായിട്ടാണ് ശ്രീ.പി.ശശിധരനെ പബ്ലിക് റിലേഷൻസ് ഓഫീസറായും ശ്രീ.സി.പി.നാസറിനെ ബയോകെമിസ്റ്റായും താത്ക്കാലികമായി നിയമിച്ചിരിക്കുന്നതെന്ന് ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ, ഐക്കോൺസ്-ൽ പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'

**12.** In accordance with the above opinion of the Finance Department, vide G.O.(Rt)No.3416/2025/H&FWD dated 03.11.2025, the posts of Public Relations Officer (in the 9th Pay Scale of Rs.13,900 - 24,040) and Biochemist (in the 9th Pay Scale of Rs.14,620 - 25,280) in ICCONS were created and included in the Staff Pattern, subject to the condition that the Director, ICCONS must ensure that the temporary appointments of Shri. P. Sasidharan as Public Relations Officer and Shri. C.P. Nazar as Biochemist were made in accordance with G.O.(Rt)No.2846/2012/H&FWD dated 27.08.2012.

**13.** Subsequently, while revised draft notes for the Council of Ministers were submitted for ratifying the appointments made in the posts of Public Relations Officer and Biochemist, the Chief Secretary ordered as follows:

'പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെമിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അവയെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും 03.11.2025 ൽ സ.ഉ (സാധാ) 3416/2025/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ മന്ത്രിസഭായോഗത്തിന്റെ അനുമതി തേടിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 27.08.2012 ലെ സ.ഉ.(സാധാ) 2846/2012/ആ.കു.വ ഉത്തരവിനനുസൃതമായാണോ പ്രസ്തുത നിയമനം നടത്തിയതെന്നും അവരുടെ നിയമന രീതി (നേരിട്ടുള്ളത്/ബൈട്രാൻസ്ഫർ/സെലക്ഷൻ) മുഖേനയാണോ എന്നും കുറിപ്പിൽ വ്യക്തമാക്കിയിട്ടില്ല.

ഇക്കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് അനുയോജ്യ തലത്തിൽ ഉത്തരവ് നേടിയശേഷവും, ശമ്പള പരിഷ്കരണ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമില്ലാത്തതിനാൽ തീരുമാനിക്കേണ്ട വിഷയം (2) ഉം അതിനോടനുബന്ധിച്ച മറ്റ് പരാമർശങ്ങളും ഒഴിവാക്കിയും, കരട് കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതാണ്.'

**14.** On the basis of the orders of the Chief Secretary, clarification was called from the Director, ICCONS on the said appointments and he informed that the appointments for the posts of Public Relations Officer and Biochemist were made through the internal selection method, as per Chapter III, Rule 1 (iii) of G.O.(Rt)No.2846/2012/H&FWD dated 27.08.2012.

**15.** In the above circumstances, the matter of ratifying the action in having issued Government Order creating the posts of Public Relations Officer and Bio Chemist in ICCONS and including the same in the staff pattern and ratifying the said appointments, may be placed before the Council of Ministers for consideration.

## Points for Decision

(i) Whether the action in having issued G.O.(Rt)No.3416/2025/H&FWD dated 03.11.2025 creating the posts of Public Relations Officer and Biochemist and including the same in the staff pattern of ICCONS, on the basis of remarks of Finance Department, may be ratified ?

(ii) Whether, the action of the Director, ICCONS in having made appointments of Mr. P. Sasidharan and Mr.C.P. Nassar, who were regular employees of ICCONS in the posts of Clerk cum Typist and Lab Technician respectively, to the posts of Public Relations Officer and Biochemist respectively on the basis of decision of the Governing Body and the Executive Committee of ICCONS, but without the approval of the Government, may be ratified with the strict instruction that no such action shall be repeated in the future ?

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - ഐക്കോൺസ് - ജീവനക്കാര്യം - പബ്ലിക് റിലേഷൻസ് ഓഫീസർ, ബയോകെയമിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ട് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.3416/2025/H&FWD തീയതി,തിരുവനന്തപുരം, 03-11-2025

---

പരാമർശം:-

1. 27.08.2012 തീയതിയിലെ G.O.(Rt) 2846/2012/H&FWD നമ്പർ ഉത്തരവ്
2. 03/03/2014 തീയതിയിലെ സ.ഉ.(കൈ) നം.71/2014/ആ.കു.വ. ഉത്തരവ്
3. ഐക്കോൺസ് ഡയറക്ടറുടെ 145/Estt/2015/ICCONS-SRR തീയതി 30.12.2015 എന്ന നടപടിക്രമങ്ങൾ
4. 22/01/2023-ലെ സ.ഉ.(കൈ) നം.10/2023/ആ.കു.വ. സർക്കാർ ഉത്തരവ്
5. ഐക്കോൺസ് ഡയറക്ടറുടെ 02.02.2023, 09.02.2023, 27.05.2023, 15.09.2023 എന്നീ തീയതികളിലെ 53/എസ്റ്റാ/2023/ഐക്കോൺസ്/തിരു എന്ന നമ്പർ കത്തുകൾ
6. ഐക്കോൺസ് ഡയറക്ടറുടെ 25.01.2024, 08.08.2025 എന്നീ തീയതികളിലെ 53/എസ്റ്റാ/2024/ഐക്കോൺസ്/തിരു എന്ന നമ്പർ കത്തുകൾ

**ഉത്തരവ്**

1998 മുതൽ തിരുവനന്തപുരം ആസ്ഥാനമായും തിരുവനന്തപുരത്തും ഷൊർണൂരും കേന്ദ്രങ്ങളോടുകൂടിയും സർക്കാർ ധനസഹായത്തിൽ പ്രവർത്തിച്ചു വരുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്). 1955-ലെ Travancore - Cochin Literary Scientific and Charitable Societies Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് & കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (SRCCD)-യുടെ കീഴിലാണ് ഐക്കോൺസിന്റെ പ്രവർത്തനം. ഐക്കോൺസിലെ ഗവേണിംഗ് ബോഡിയുടെ ചെയർമാൻ / ചെയർപേഴ്സൺ ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ / ചെയർപേഴ്സൺ ആരോഗ്യ വകുപ്പ് സെക്രട്ടറിയുമാണ്. ടി സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും SRCCD-യുടെ മെമ്മോറണ്ടം ഓഫ് അസോസിയേഷൻ (MOA) പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. MOA പ്രകാരം ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, നിയമനം എന്നിവയ്ക്കുള്ള അധികാരം ഗവേർണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. ജീവനക്കാരുടെ നിയമനം

ഉൾപ്പടെ ഗവേർണിംഗ് ബോഡിയുടെ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കേണ്ട ചുമതല MOA പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളും സേവനവ്യവസ്ഥകളും ഉൾപ്പെടുന്ന ചട്ടങ്ങൾക്ക് പരാമർശം (1) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

2. തുടർന്ന് പരാമർശം (2) പ്രകാരം ഐക്കോൺസ്-ൽ 10 വർഷത്തിൽ കൂടുതലായി സേവനം അനുഷ്ഠിച്ചുവന്ന 50 ജീവനക്കാരെ 2014-ൽ സ്ഥിരപ്പെടുത്തിയിരുന്നു. ഇപ്രകാരം ക്ലർക്ക് കം കാഷ്യർ തസ്തികയിൽ സ്ഥിര നിയമനം നേടിയ ശ്രീ. ശശിധരൻ പി., ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിൽ സ്ഥിര നിയമനം നേടിയ ശ്രീ.നാസർ സി.പി. എന്നിവരെ സർക്കാരിന്റെ അംഗീകാരം കൂടാതെ 01.01.2016 മുതൽ ഐക്കോൺസ്-ൽ, യഥാക്രമം പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലും (13900-24040 ശമ്പള സ്കെയിലിൽ - 9-ാം ശമ്പളപരിഷ്കരണ കമ്മീഷൻ) ബയോകെമിസ്റ്റ് തസ്തികയിലും (14620-25280 ശമ്പള സ്കെയിലിൽ - 9-ാം ശമ്പളപരിഷ്കരണ കമ്മീഷൻ) ഐക്കോൺസ് ഡയറക്ടറുടെ പരാമർശം (3)ലെ നടപടിക്രമം പ്രകാരം നിയമിച്ചിരുന്നു. തുടർന്ന്, ഐക്കോൺസ്-യിൽ പത്താം, പതിനൊന്നാം ശമ്പളപരിഷ്കരണങ്ങൾ അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (3) ലെ പൊതുവ്യവസ്ഥകളിൽ, ബയോകെമിസ്റ്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ തുടങ്ങിയ പുതുതായി സൃഷ്ടിക്കപ്പെട്ട / പദവി ഉയർത്തപ്പെട്ട തസ്തികകൾക്ക് ടി പരിഷ്കരണം പ്രസ്തുത തസ്തികകൾ സൃഷ്ടിക്കപ്പെട്ടതിന്/പദവി ഉയർത്തപ്പെട്ടതിന് സർക്കാർ സാധൂകരണം ലഭിക്കുന്നപക്ഷം മാത്രമേ ബാധകമാകുകയുള്ളൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത ഉത്തരവിലെ ടി നിർദ്ദേശത്തിൽ നിന്നും തങ്ങളെ ഒഴിവാക്കി നിലവിലുള്ള ബയോകെമിസ്റ്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികകളുടെ ആനുകൂല്യങ്ങൾ തങ്ങൾക്കും ബാധകമാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.പി.ശശിധരൻ, ശ്രീ.സി.പി. നാസർ എന്നിവർ അപേക്ഷ സമർപ്പിക്കുകയും, എന്നാൽ പ്രസ്തുത വിഷയത്തിൽ സർക്കാർ ഗ്രാന്റ് ഇൻ എയിഡ് സ്വീകരിക്കുന്ന സ്ഥാപനമെന്ന നിലയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നേടാതിരുന്നത് സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ഐക്കോൺസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

3. ഐക്കോൺസ്-യിൽ പി.ആർ.ഒ. തസ്തികയിൽ ഒഴിവ് വന്നതിനാലും ബയോകെമിസ്റ്റ്-ന്റെ സേവനം ആവശ്യമായിരുന്നതിനാലുമാണ് പ്രസ്തുത തസ്തികകളിലെ നിയമനത്തിനായി ഗവേണിംഗ് ബോഡി രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, ഐക്കോൺസിൽ അന്ന് സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തുകയും ക്ലർക്ക് കം കാഷ്യർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.പി.ശശിധരൻ-നെ- പി.ആർ.ഒ. തസ്തികയിലേക്ക് നിയമിക്കാനും ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.നാസർ സി.പി.-യെ ബയോകെമിസ്റ്റ് തസ്തികയിൽ നിയമിക്കാനും ശിപാർശ ചെയ്യുകയും ചെയ്തിരുന്നതെന്നും ഐക്കോൺസ് ഡയറക്ടർ ബോധിപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങളെല്ലാം പാലിച്ച് 01.01.2016 മുതൽ ശ്രീ.പി.ശശിധരൻ-നെ പി.ആർ.ഒ. തസ്തികയിലും ശ്രീ.നാസർ സി.പി.-യെ ബയോകെമിസ്റ്റ് തസ്തികയിലും നിയമിച്ചിരുന്നതായും ഐക്കോൺസ് ഡയറക്ടർ അറിയിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ നയപരവും ഭരണപരവുമായ തീരുമാനങ്ങളും നിയമനങ്ങൾ സംബന്ധിച്ച തീരുമാനങ്ങളും MOA-യിലെ വ്യവസ്ഥകൾ അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി സമിതികളായ ഗവേർണിംഗ് ബോഡിയും

എക്സിക്യൂട്ടീവ് കമ്മിറ്റിയും ആണ് കൈക്കൊള്ളുന്നതെന്നും പ്രസ്തുത തീരുമാനങ്ങൾ ഡയറക്ടർ നടപ്പിലാക്കുകയാണ് ചെയ്യുന്നതെന്നും ഇങ്ങനെ ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടെ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്ന കീഴ് വഴക്കം 2021-ന് മുൻപ് വരെ ഐക്കോൺസിൽ ഉണ്ടായിരുന്നില്ലെന്നും ഐക്കോൺസ് ഡയറക്ടർ അറിയിച്ചിരുന്നു. എന്നാൽ ഈ ന്യൂനത 2021 മുതൽ പരിഹരിച്ചതായും ആയതിനുശേഷം സർക്കാരിനെ യഥാസമയം അറിയിച്ച് തന്നെയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും ഐക്കോൺസ് ഡയറക്ടർ വ്യക്തമാക്കുകയുണ്ടായി. 2021-ന് മുൻപ് സ്ഥാപനത്തിന്റെ വളർച്ചയും നിലനിൽപ്പിനും അത്യന്താപേക്ഷിതമായിരുന്ന നിയമനങ്ങളാണ് സർക്കാർ അനുമതി തേടാതെ MOA-യിലെ വ്യവസ്ഥകൾ അനുസരിച്ച് ഗവേർണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അനുമതിയോട്ടുകൂടി നടത്തിയതെന്നും ഐക്കോൺസ് ഡയറക്ടർ ബോധിപ്പിച്ചിരുന്നു. ഗവേർണിംഗ് ബോഡിയുടെ തീരുമാനപ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി സ്ഥിരം ജീവനക്കാരിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷ സ്വീകരിക്കുകയും ഇന്റർവ്യൂ നടത്തുകയും ചെയ്ത ശേഷമാണ് പബ്ലിക് റിലേഷൻസ് ഓഫീസർ-ടെയും ബയോകെമിസ്റ്റ്-ന്റെയും നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നതിനാൽ ടി നിയമനങ്ങൾക്ക് സാധൂകരണവും അംഗീകാരവും നൽകണമെന്ന് ഐക്കോൺസ് ഡയറക്ടർ സർക്കരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിന് അനുസൃതമായിട്ടാണ് ശ്രീ.പി. ശശിധരനെ പബ്ലിക് റിലേഷൻസ് ഓഫീസറായും ശ്രീ.സി.പി.നാസറിനെ ബയോകെയമിസ്റ്റായും താത്ക്കാലികമായി നിയമിച്ചിരിക്കുന്നതെന്ന് ഐക്കോൺസ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്)-ൽ ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ആയവ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പബ്ലിക് റിലേഷൻസ് ഓഫീസർ (13900-24040 ശമ്പള സ്കെയിൽ - 9-ാം ശമ്പളപരിഷ്കരണ കമ്മീഷൻ പ്രകാരം)
ii. ബയോകെയമിസ്റ്റ് (14620-25280 ശമ്പള സ്കെയിൽ - - 9-ാം ശമ്പളപരിഷ്കരണ കമ്മീഷൻ പ്രകാരം)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, ഐക്കോൺസ്, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ഐക്കോൺസിലെ ഗവേണിംഗ് ബോഡിയിലെ എല്ലാ അംഗങ്ങൾക്കും (ഐക്കോൺസ് ഡയറക്ടർ മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.2483321/HLT-B1/121/2023-FIN തീയതി 21.10.2025 പ്രകാരം)
നിയമ വകുപ്പ് (നം.ഒപ്പീനിയൻ-എഫ്2/120/2024-നിയമം തീയതി 10.10.2024 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/40/2023-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 05.11.2025 10:49:59
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.